SD(5)2021/22

സീനിയർ കൃഷി ഓഫീസർ
വിത്തു വികസന ഓഫീസ് , ചാവക്കാട്
തീയതി : 18/09/2021

# ദർഘാസ് പരസ്യം

ചാവക്കാട് വിത്തു വികസന ഓഫീസിൽ നിന്നും (Seed Development Office Chavakkad) 2021- 22 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനു കീഴിലുള്ള വിവിധ വിത്തു തേങ്ങ ഉല്പാദന കേന്ദ്രങ്ങളിലേക്ക് ആവശ്യമായ പോളിനേഷൻ ബാഗ് തയ്ക്കുന്നതിന് 1.1 മീറ്റർ വീതിയുള്ള ആകെ 4500 മീറ്റർ കോറത്തുണി വിതരണം നടത്തുന്നതിന് താൽപര്യമുള്ളവരിൽ നിന്ന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി കേരള ഗവർണ്ണർക്കു വേണ്ടി മുദ്ര വെച്ച ദർഘാസ്സുകൾ ക്ഷണിച്ചു കൊള്ളുന്നു. ഈ പ്രവർത്തിക്ക് ഉദ്ദേശം 2 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

വ്യവസ്ഥകൾ

1. കരാർ പ്രാബല്യമാകുന്നതു മുതൽ 31/05/2022 വരെ ബാധകമായിരിക്കുന്നതാണ്.
2. തുണിയുടെ ഒരു മീറ്ററിനുള്ള നിരക്ക് GST സഹിതം രേഖപ്പെടുത്തേണ്ടതാണ്.
3. തുണിയുടെ സാമ്പിൾ ദർഘാസിനോടൊപ്പം അടക്കം ചെയ്യണം.
4. ടെൻഡർ അംഗീകരിച്ച് ഉത്തരവ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ സാധനങ്ങൾ ചാവക്കാട് വിത്തു വികസന ഓഫീസിൽ ഡോർ ഡെലിവറിയായി എത്തിക്കേണ്ടതാണ്.

ദർഘാസ് ഫോറങ്ങളുടെ വില 400 രൂപ+ GST (18%) 72 രൂപ എന്നിവ ട്രഷറിയിൽ ചലാൻ അടച്ച് 22/10/2021 –ാം തീയതി 1 PM വരെ ചാവക്കാട് മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന വിത്തു വികസന ഓഫീസിൽ (Seed Development Office Chavakkad) നിന്നും വാങ്ങാവുന്നതാണ്.

ദർഘാസ് ഫോറത്തിന്റെ വില യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല. ദർഘാസ് ഉൾക്കൊള്ളുന്ന കവറിനു പുറത്ത് "2021- 22 വർഷത്തിൽ കോറത്തുണി വിതരണം ചെയ്യുന്നതിനുള്ള ദർഘാസ് "

എന്നെഴുതി   സീനിയർ കൃഷി ഓഫീസർ, വിത്തു വികസന യൂണിറ്റ്, മിനി സിവിൽ സ്റ്റേഷൻ, ചാവക്കാട് എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. മുദ്ര വെച്ച ദർഘാസ്സിനോടൊപ്പം ചാവക്കാട് മാറാവുന്നതും, സീനിയർ കൃഷി ഓഫീസറുടെ പേരിൽ എടുത്തതുമായ 2000 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി അടക്കം ചെയ്യേണ്ടതാണ്. കൂടാതെ ദർഘാസുകാരൻ 200 രൂപയുടെ മുദ്രപത്രത്തിൽ ഒരു പ്രാഥമിക കരാറും ദർഘാസിനോടൊപ്പം വെച്ചിരിക്കേണ്ടതാണ്.

ദർഘാസുകൾ 22/10/2021 3 PM വരെ സ്വീകരിക്കുന്നതും ആയവ അന്നേ ദിവസം 4PM ന് ഹാജരുള്ള കരാറുകാരുടേയോ നിയമാനുസൃതം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഏജന്റുമാരുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും, ഗുണ നിലവാരവും ഏറ്റവും കുറഞ്ഞ നിരക്കും ഉള്ള ദർഘാസ് മേലധികാരികളുടെ ഉത്തരവിന്  വിധേയമായി അംഗീകരിക്കുന്നതുമാണ്. എന്തെങ്കിലും കാരണവശാൽ അന്നേ ദിവസം അവധി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം  നിശ്ചയിച്ച അതേ സമയത്തും സ്ഥലത്തും വെച്ച് ദർഘാസ് തുറക്കുന്നതായിരിക്കും. നിരതദ്രവ്യം നൽകാത്തതോ മുദ്രപത്രത്തിൽ കരാർ അടക്കം ചെയ്യാത്തതോ വൈകി ലഭിക്കുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസ് അംഗീകരിക്കുന്ന കരാറുകാരൻ 10000 രൂപയുടെ സെക്യൂരിറ്റി ഡെപോസിറ്റ് നൽകേണ്ടതും 200 രൂപയുടെ മുദ്ര പത്രത്തിൽ കരാർ ഒപ്പിടേണ്ടതുമാണ്.

യാതൊരു കാരണവും കാണിക്കാതെ ദർഘാസ് നിരസിക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ചാവക്കാട് വിത്തു വികസന ഓഫീസ്  കൃഷി അസിസ്റ്റന്റ് ഡയറക്ടർ/ സീനിയർ കൃഷി ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. സർക്കാർ ദർഘാസിന്റെ വ്യവസ്ഥകളിലും നിബന്ധനകളിലും നിലവിലുള്ള എല്ലാ സർക്കാർ നടപടി ക്രമങ്ങളും കരാറുകാരൻ പാലിക്കുവാൻ ബാധ്യസ്ഥനാണ്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ചാവക്കാട് വിത്തു വികസന ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

സീനിയർ കൃഷി ഓഫീസർ

വിത്തു വികസന ഓഫീസ് ചാവക്കാട്

ഫോൺ നമ്പർ- 0487-2502580

<u>പ്രത്യേക വ്യവസ്ഥകളും നിബന്ധനകളും</u>

1. ടെണ്ടർ അംഗീകരിച്ച് ഉത്തരവ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ സാധനങ്ങൾ ചാവക്കാട് വിത്തു വികസന ഓഫീസിൽ ഡോർ ഡെലിവറിയായി എത്തിക്കേണ്ടതാണ്.
2. ഈ കരാർ പ്രകാരം നൽകുന്ന തുകക്ക് നിയമപ്രകാരമുള്ള ആദായ നികുതി കിഴിവ് ബാധകമായിരിക്കും.
3. അസ്സൽ ടെണ്ടർ ഫോറത്തിന്റെ എല്ലാ പേജുകളിലും ഒപ്പിടേണ്ടതാണ്.
4. ടെണ്ടറിൽ സമർപ്പിച്ച ഗുണ നിലവാരം ഉള്ളവ മാത്രം വിതരണം നടത്തേണ്ടതാണ്. അല്ലാത്തപക്ഷം ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദി ആയിരിക്കും.
5. സാധനങ്ങൾ വിതരണം നടത്തുമ്പോൾ ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങളും കരാറുകാരൻ വഹിക്കേണ്ടതും നഷ്ടം സംഭവിക്കുന്ന സാധനങ്ങളുടെ തുക നിരതദ്രവ്യത്തിൽ നിന്നും ഈടാക്കുന്നതുമാണ്.
6. ടെണ്ടർ അംഗീകരിച്ച ശേഷം നിബന്ധനകൾ പാലിക്കാതെ വന്നാൽ കൃഷി ഡയറക്ടറുടെ അനുമതിക്ക് വിധേയമായി തൊട്ടടുത്ത ദർഘാസുകാരന് കരാർ നൽകുന്നതും നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടു കെട്ടുന്നതുമാണ്.
7. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായ 2000 രൂപ, സീനിയർ കൃഷി ഓഫീസർ ചാവക്കാട് വിത്തു വികസന യൂണിറ്റ് (Seed Development Office Chavakkad) ചാവക്കാട് മിനി സിവിൽ സ്റ്റേഷൻ, ചാവക്കാട് എന്ന പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയി സമർപ്പിക്കേണ്ടതാണ്.

സീനിയർ കൃഷി ഓഫീസർ

വിത്തു വികസന ഓഫീസ്, ചാവക്കാട്

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, ചാവക്കാട്-680 506, തിയ്യതി.............., വിത്ത് വികസന ഓഫീസ്

കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വിത്ത് വികസന ഓഫീസ്, ചാവക്കാട്-680 506, തൃശ്ശൂർ ജില്ല